**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1098** **30-06-2022 - ൽ മറുപടിയ്ക്ക്**

**ട്രോളിംഗ് നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഇതര ഉപജീവനമാർഗങ്ങൾ ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളി കൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങ ളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഇതിൽ 3000/- രൂപ സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. |
| (ബി) | യന്ത്രവത്കൃത ബോട്ടുകൾ ട്രോളിംഗ് നിരോധനം ലംഘിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | 9 തീരദേശ ജില്ലകളിലും ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്ത മായി കടലിൽ പട്രോളിംഗ് നടത്തി നിയമലംഘനം ഇല്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ കോസ്റ്റൽ പോലീസും പട്രോളിംഗ് നടത്തുന്നുണ്ട്. ഇതിനായി തീരദേശ ജില്ലകളിൽ 18പട്രോൾ ബോട്ടുകൾ വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിയ്ക്കുന്നുണ്ട്. നിയമലംഘനങ്ങൾ കണ്ടെത്തിയാൽ പ്രസ്തുത യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് ഉയർന്ന പിഴ അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകളിൽ പ്രവർത്തിയ്ക്കുന്ന ഫിഷറീസ് കൺട്രോൾ റൂമുകൾ കടലിലെ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനങ്ങൾ 24 മണിയ്ക്കൂറും നിരീക്ഷിച്ചുവരുന്നുണ്ട്. |
| (സി) | ട്രോളിംഗ് നിരോധന കാലയളവിൽ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നതിനാൽ ഏതെങ്കിലും തരത്തിലുള്ള | (സി) | ട്രോളിംഗ് നിരോധന കാലയളവിൽ 9 തീരദേശ ജില്ലകളിലും കടൽ പട്രോളിംഗിനും കടൽ രക്ഷാ പ്രവർത്തനങ്ങൾക്കുമായി ആകെ 18 ബോട്ടുകൾ |

| | | | |
|---|---|---|---|
| | രക്ഷാപ്രവർത്തനങ്ങൾ ആവശ്യമായി വന്നാൽ ആയത് നടപ്പാക്കുന്നതിന് എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിയ്ക്കുന്നുണ്ട്. തിരുവനന്തപുരത്ത് വിഴിഞ്ഞം, എറണാകുളത്ത് വൈപ്പിൻ, കോഴിക്കോട് ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വകുപ്പിന്റെ മറൈൻ ആംബുലൻസുകൾ പ്രവർത്തി യ്ക്കുന്നുണ്ട്. കൂടാതെ രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിന് തീരദേശ ജില്ലകളിലായി 9 ഫിഷറീസ് സ്റ്റേഷനുകളിൽ ട്രോൾ ബാൻ കാലത്തും ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ